**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 499 08.08.2017 ലെ മറുപടിയ്ക്ക്

## മുക്കം സബ്ട്രഷറി മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിന് നടപടി

**ചോദ്യം** **ഉത്തരം**

ശ്രീ. ജോർജ് .എം.തോമസ്

ഡോ. റ്റി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | മുക്കം സബ്ട്രഷറിയുടെ പ്രവർത്തനം മുക്കം മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുവാനെടുത്ത തീരുമാനം നടപ്പാക്കുന്നതിൽ കാലതാമസം നേരിട്ടതെന്തു കൊണ്ടെന്നു വ്യക്തമാക്കാമോ ? | മുക്കം സബ് ട്രഷറിക്ക് മുക്കം മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം അനുവദിച്ചിരുന്നു. എന്നാൽ ടി മിനി സിവിൽ സ്റ്റേഷന് മുനിസിപ്പാലിറ്റിയിൽ നിന്ന് കെട്ടിട നമ്പർ യഥാസമയം ലഭിച്ചിരുന്നില്ല. കെട്ടിട നമ്പർ ലഭിക്കാത്തതിനാൽ കെ.എസ്.ഇ.ബി യിൽ നിന്ന് വൈദ്യുതി കണക്ഷൻ ലഭിക്കാൻ കാലതാമസം നേരിട്ടിരുന്നു. അതുകൊണ്ട് ട്രഷറി പ്രവർത്തിക്കാൻ ആവശ്യമായ കൗണ്ടർ നിർമ്മാണം, ഇലക്ട്രോണിക്സ് വർക്കുകളായ ലോക്കൽ ഏര്യ നെറ്റ് വർക്ക് സ്ഥാപിക്കൽ, കേബിളിംഗ് ജോലികൾ ഇലക്ട്രിക്കൽ വർക്കുകൾ എന്നിവ നടത്താൻ കഴിഞ്ഞില്ല. ആയതിനാലാണ് മുക്കം സബ്ട്രഷറി മിനി സിവിൽസ്റ്റേഷനിലേക്ക് മാറ്റുന്നതിനു വേണ്ട തുടർ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കാലതാമസം നേരിട്ടത്. എന്നാൽ ഇപ്പോൾ കെട്ടിട നമ്പർ, വൈദ്യുതി കണക്ഷൻ എന്നിവ ലഭ്യമായിട്ടുണ്ട്. |
| (ബി) | മുക്കം സബ്ട്രഷറി മിനി സിവിൽ സ്റ്റേഷനിലേക്ക് എന്നത്തേക്ക് മാറ്റാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? ഇതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | നിലവിൽ പൊതുമരാമത്ത് വകുപ്പ് മുഖേന ഇലക്ട്രോണിക്സ് വർക്കുകളായ കേബിളിംഗ്, ലോക്കൽ ഏര്യ നെറ്റ് വർക്ക് എന്നിവ സ്ഥാപിക്കുന്നതിന് PWD ക്ക് ട്രഷറി വകുപ്പ് ഫണ്ട് |

| | | |
|---|---|---|
| | | അനുവദിച്ചിട്ടുണ്ട് കൂടാതെ കൗണ്ടർ, ക്യാബിൻ നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് നൽകുന്നതിന് അനുസരിച്ച് ഫണ്ട് ഡിപ്പോസിറ്റ് ചെയ്യുന്നതാണ്. ടി പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മുക്കം സബ് ട്രഷറിയുടെ പ്രവർത്തനം മുക്കം മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുവാൻ കഴിയും. ഇതിനുള്ള അടിയന്തിര നടപടികൾ ട്രഷറി ഡയറക്ടർ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ